## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2986

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡ് നിർമ്മാണത്തിനുള്ള പ്രധാൻ മന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം എത്ര റോഡുകളുടെ നിർമ്മാണം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ഘട്ടങ്ങളിലായി ടെണ്ടർ പ്രതികരണമില്ലാതെ എഗ്രിമെന്റ് വയ്ക്കുവാൻ സാധിക്കാതിരുന്ന വിവിധ പ്രവർത്തികളിൻമേൽ 2010 ന്റെ SOR റേറ്റിൽ പുതുക്കി 25% മുതൽ 42% അധിക നിരക്ക് നൽകി 155 പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് പുനരാരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ 2013-2014 സാമ്പത്തിക വർഷം ഈ പദ്ധതിയുടെ 8-൦ ഘട്ടത്തിൽ ആദ്യ ബാച്ചായി അനുമതി ലഭിച്ച 320 റോഡുകൾ ടെണ്ടർ ചെയ്തതിൽ 121 റോഡുകൾ കരാർ ഉറപ്പിച്ച് പണി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ഈ സർക്കാർ അധികാരമേറ്റ ശേഷം 276 പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ടി റോഡുകൾ 2015 മാർച്ചിന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ